"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.) ജീവനക്കാർക്ക് 2026-ലെ ഓണം പ്രമാണിച്ച് ബോണസും അനുബന്ധ ആനുകൂല്യങ്ങളും നൽകുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.395/2026/TSM തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:- ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.) ജീവനക്കാർക്ക് 2026 ലെ ഓണം ബോണസ്/ഉത്സവബത്ത അനുവദിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 19.08.2026 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളിലെ ജീവനക്കാർക്ക് 2026 ലെ ബോണസ്/ഉത്സവബത്ത അനുവദിച്ച് നൽകുന്നതിന് പരാമർശം പ്രകാരം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, ഡി.റ്റി.പി.സി. യിലെ ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം ബോണസും അനുബന്ധ ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു;

1. DTPC എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി സാമ്പത്തിക ക്ഷമത കണക്കിലെടുത്ത് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിലെ സ്ഥിരം ജീവനക്കാർക്ക് പരമാവധി ഒരു മാസത്തെ ശമ്പളം വരെ ബോണസ് ആയി അനുവദിക്കാവുന്നതാണ്.
2. ഇതേ മാനദണ്ഡ പ്രകാരം കരാർ/ദിവസ വേതന ജീവനക്കാർക്ക് പരമാവധി 11,500/- രൂപ വരെ ബോണസ് ആയി അനുവദിക്കാവുന്നതാണ്.
3. ക്ലീൻ കേരളാ മിഷന്റെ ഭാഗമായി ഡി.റ്റി.പി.സി. കളിൽ ജോലി ചെയ്യുന്നവർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിനു വിധേയമായും സാമ്പത്തിക ക്ഷമത കണക്കിലെടുത്തും പരമാവധി 3000/- രൂപ വരെ അലവൻസ് ഇനത്തിൽ അനുവദിച്ച് നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം - 695 033
എല്ലാ ഡി. ടി. പി. സി. ചെയർമാൻ & ജില്ലാ കലക്ടർമാർക്കും (ഡയറക്ടർ മുഖേന)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരളം

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ (TOUR-A3/234/2026-TOUR)

ഉത്തരവിൻ പ്രകാരം

Digitally signed by
Sibil Senan
Date: 22-08-2026
12:04:21

സെക്ഷൻ ഓഫീസർ

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാരവും സാംസ്കാരികവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്